പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1251 **02.03.2017-ൽ മറുപടിക്ക്**

സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

ചോദ്യം

ശ്രീ. ടി.എ. അഹമ്മദ് കബീർ

ഉത്തരം

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ)	2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ;	എ)	സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ക്ലാസ് മുറികളിൽ കമ്പ്യൂട്ടർ/ ലാപ് ടോപ്പ്, മൾട്ടിമീഡിയാ പ്രോജക്ടർ, ശബ്ദ സംവിധാനം, ഇൻറർനെറ്റ് സൗകര്യം, ഡിജിറ്റൽ പഠന വിഭവങ്ങൾ എന്നിവ ലഭ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബും ഇൻറർനെറ്റ് സൗകര്യവും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും പരിശീലനങ്ങളും ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.
ബി)	സ്മാർട്ട് ക്ലാസ്സ് റൂം നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്, ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;	ബി)	സംസ്ഥാനത്തെ 8 മുതൽ 12 വരെ ക്ലാസ്സുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഐടി@സ്കൂൾ പ്രോജക്ടാണ് നടപ്പിലാക്കുന്നത്. നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. മറ്റു മണ്ഡലങ്ങളിലെ സ്കൂളുകളിൽ 2017-18 അദ്ധ്യയന വർഷം ഈ പ്രവർത്തനം നടപ്പിലാക്കുന്നതാണ്.
സി)	മങ്കട നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;	സി)	പദ്ധതിയുടെ രണ്ടാംഘട്ടമായി 2017-18 വർഷത്തിൽ മറ്റു മണ്ഡലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുമ്പോൾ മങ്കട നിയോജക മണ്ഡലങ്ങളിലെ സർക്കാർ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം ആരംഭിക്കുന്നതാണ്.
ഡി)	പദ്ധതി നടപ്പിലാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?	ഡി)	പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരഞ്ഞെടുത്ത 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ